LIBRARY ARCHIVES Kerala Legislative Assembly

**മിഷൻ ഇന്ദ്രധനസ്സ് പദ്ധതി**

191 (1621) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'മിഷൻ ഇന്ദ്രധനസ്സ്' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതിയിൽ ഏതെല്ലാം ജില്ലകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദേശീയ പ്രതിരോധ കുത്തിവെയ്പ്പ് പദ്ധതി പ്രകാരമുള്ള കുത്തിവെയ്പ്പ് എടുക്കാത്ത കുട്ടികൾ, ഗർഭിണികൾ എന്നിവർക്ക് പ്രതിരോധ കുത്തിവെയ്പ്പ് നൽകാനുള്ള കേന്ദ്രാവിഷ്കൃത തീവ്രയജ്ഞ പരിപാടിയാണ് മിഷൻ ഇന്ദ്രധനുഷ്. മിഷൻ ഇന്ദ്രധനുഷിന്റെ നാലം ഘട്ടമാണ് 2017-ൽ നടപ്പിലാക്കിവരുന്നത്. 2017 ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ എന്നീ മാസങ്ങളിൽ 7-ാം തീയതി മുതൽ 7 ദിവസമാണ് കുത്തിവെയ്പ്പ് നൽകുന്നത്. അടുത്തകാലത്തായി പൂർണ്ണമായും പ്രതിരോധ കുത്തിവെയ്പ്പ് എടുത്തിട്ടില്ലാത്തതും, ഭാഗികമായി കുത്തിവെയ്പ്പ് എടുത്തിട്ടുള്ളതുമായ കുട്ടികൾക്കിടയിൽ വാക്സിൻ കൊണ്ട് പ്രതിരോധിക്കാവുന്ന രോഗങ്ങൾ കണ്ടുവരുന്നതിനാൽ ഇത്തരം മുഴുവൻ കുട്ടികൾക്കും കുത്തിവെയ്പ്പ് നൽകാനുള്ള ഈ പദ്ധതിക്ക് വളരെയധികം പ്രാധാന്യമുണ്ട്. കൂടാതെ പ്രതിരോധ കുത്തിവെയ്പ്പിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവാൻമാരാക്കുന്നതിനും ഇമ്മ്യൂണൈസേഷൻ കവറേജ് കൂട്ടുന്നതിനും ഈ കർമ്മപദ്ധതി വളരെയധികം പ്രയോജനപ്പെടുന്നുണ്ട്. പ്രതിരോധ കുത്തിവെയ്പ്പെടുക്കുന്ന കാര്യത്തിൽ വളരെയധികം പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെ കുട്ടികളെയാണ് ഈ പദ്ധതിയിൽ പ്രധാനമായും ഊന്നൽ നൽകിയിരിക്കുന്നത്.

(ബി) എറണാകുളം, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ പൂർണ്ണമായും തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിലെ നഗരപ്രദേശങ്ങളിലുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**ഭക്ഷ്യ വസ്തുക്കളിൽ രാസവസ്തുക്കളുടെ സാന്നിധ്യം**

192 (1622) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭക്ഷ്യ വസ്തുക്കളിൽ രാസവസ്തുക്കൾ ഇല്ലെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഭക്ഷ്യ വസ്തുക്കളിൽ രാസവസ്തുക്കൾ ഇല്ലെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനമൊട്ടാകെ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള ലാബുകളിൽ അയച്ച് പരിശോധന നടത്തി പരിശോധനകളുടെ റിപ്പോർട്ട് അനുസരിച്ച് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചു വരുന്നു, ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാരെ രാസവസ്തുക്കൾ ചേർത്താലുള്ള ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുന്ന സെമിനാറുകളും ക്ലാസ്സുകളും നടത്തി വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനമൊട്ടാകെ പരിശോധന നടത്തി 908 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധിക്കുകയുണ്ടായി. പരിശോധനാ ഫലം വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ 58 ഭക്ഷ്യ പദാർത്ഥങ്ങൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തി. തുടർന്ന് കുറ്റക്കാർക്കെതിരെ ക്രിമിനൽകേസുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ 199 ഭക്ഷ്യവസ്തുക്കൾ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവർക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള അഡ്ജൂഡിക്കേഷൻ നടപടികൾ തുടങ്ങി. ഇതു കൂടാതെ ഏപ്രിൽ മാസത്തിൽ 161 ഹോട്ടൽ/റെസ്റ്റോറന്റുകൾ പരിശോധന നടത്തി 3 സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും 112 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുമുണ്ട്. പിഴയിനത്തിൽ 7,62,000 രൂപ ചുമത്തിയിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ ബേക്കറി, ജ്യൂസ് സ്റ്റാളുകൾ, ഐസ്ക്രീം പാർലറുകൾ, എല്ലാത്തരം ജ്യൂസുകളും വിൽക്കുന്ന വഴിയോര തട്ടുകടകൾ എന്നിവിടങ്ങളിലും കർശന പരിശോധനകൾ നടത്തി. ഇത്തരം 523 സ്ഥാപനങ്ങൾ പരിശോധന നടത്തിയതിൽ ഗുരുതരമായ ലംഘനങ്ങൾ കണ്ടെത്തിയ 7 കടകളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. കൂടാതെ 256 കടകൾക്ക് നോട്ടീസ് നൽകി പിഴയിനത്തിൽ 5.5 ലക്ഷം രൂപ ചുമത്തുകയും ചെയ്തു.

**മീഡിയാ കോർഡിനേറ്റർ**

193 (1624) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മീഡിയാ കോർഡിനേറ്റർ തസ്തിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആരാണ് ഇപ്പോഴത്തെ മീഡിയാ കോർഡിനേറ്റർ; മീഡിയാ കോർഡിനേറ്റർക്ക് എത്ര രൂപയാണ് ശമ്പളമായി നിശ്ചയിച്ചിരിക്കുന്നത്; ഈ തസ്തികയുടെ യോഗ്യത അറിയിക്കാമോ?